# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 264 28.11.2018-ൽ മറുപടിയ്ക്ക്

## കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഡയാലിസിസ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ. പ്രദീപ് കുമാർ** | **കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശു വികസനവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സ തേടുന്ന മുഴുവൻ വൃക്ക രോഗികൾക്കും ഡയാലിസിസ് ചെയ്യുന്നതിനാവശ്യമായ സംവിധാനങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ) & (ബി) | കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുന്ന എല്ലാ വൃക്കരോഗികൾക്കും ആവശ്യമുള്ള ഡയാലിസിസ് നെഫ്രോളജി ഡിപ്പാർട്ട്മെന്റ് നൽകുന്നുണ്ട്. ആഴ്ചയിൽ ഏകദേശം 10-15 രോഗികൾക്ക് ആജീവനാന്തമുള്ള ഡയാലിസിസ് പ്രാരംഭമായി ചെയ്യുന്നുണ്ട്. ഇവർക്ക് മുഴുവനും Peritoneal ഡയാലിസിസ് ചെയ്യുന്നതിന് മെഡിക്കൽ കോളേജിന് സാധിക്കുന്നുണ്ട്. കൂടാതെ കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ധനസഹായത്താൽ ഒരേ സമയം 10 രോഗികൾക്ക് ഡയാലിസിസ് ചികിത്സ ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പൂർത്തിയാക്കി പ്രവർത്തിച്ചു വരുന്നു. |
| (ബി) | ഇല്ലെങ്കിൽ ആശുപത്രിയിൽ നിലവിൽ ചികിത്സ തേടുന്ന മുഴുവൻ വൃക്ക രോഗികൾക്കും ഡയാലിസിസ് ചെയ്യുന്നതിനായി എത്ര ഡയാലിസിസ് മെഷിനുകൾ അധികമായി സ്ഥാപിക്കേണ്ടി വരുമെന്ന് വ്യക്തമാക്കാമോ; | | |
| (സി) | കൂടുതൽ ഡയാലിസിസ് മെഷിനുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ? | (സി) | കോഴിക്കോട് മെഡിക്കൽ കോളേജിന്റെ കീഴിലുള്ള സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ 22 മെഷീനുകളോട് കൂടിയ ഡയാലിസിസ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ